"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം -എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച കുമാരി.അഞ്ജു.പി.എസ്-ന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.2612/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/11/2019

പരാമർശം:- 1 28.06.2000ലെ 5966/Adv-C3/2000/ഉഭപവ നമ്പർ സർക്കുലർ.

2 പഞ്ചായത്ത് ഡയറക്ടറുടെ 28.07.2019ലെ ഇ6-8/2019/ നമ്പർ നടപടിക്രമം.

3 കുമാരി.അഞ്ജു.പി.എസ് 20.07.2019 ൽ സമർപ്പിച്ച അപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 08.08.2019ലെ ഇ6-8/19 നമ്പർ കത്ത്.

ഉത്തരവ്

കേരള പി എസ് സി മുഖേന പഞ്ചായത്ത് വകുപ്പിൽ എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച കുമാരി.അഞ്ജു.പി.എസ്-ന്, ടിയാൾ നിലവിൽ കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കാര്യവട്ടം ക്യാമ്പസിൽ എം.ഫിൽ(ഇംഗ്ലീഷ്) വിദ്യാർത്ഥിനിയാണെന്നും അതിനാൽ കോഴ്സ് കാലാവധി ആയ 22.10.2019 വരെ പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നുമാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. കാര്യവട്ടം ക്യാമ്പസിലെ വകുപ്പ് തലവൻ നൽകിയിട്ടുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് 19.06.2019 മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച കുമാരി.അഞ്ജു.പി.എസ് നിലവിൽ കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കാര്യവട്ടം ക്യാമ്പസിൽ എം.ഫിൽ(ഇംഗ്ലീഷ്) വിദ്യാർത്ഥിനിയാണെന്ന സാഹചര്യം പരിഗണിച്ച്

പരാമർശം (1) സർക്കുലറിലെ ഖണ്ഡിക 3-ലെ നിബന്ധനകൾക്ക് വിധേയമായി ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി 22.10.2019 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.കുമാരി.അഞ്ജു.പി.എസ്-ന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൾ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

കുമാരി.അഞ്ജു.പി.എസ്, ശിവ പൗർണ്ണമി പിറാരം, മലയിൻ കീഴ്.പി.ഒ,
തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ1/172/2019/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ